പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1105** **04.02.2019-ൽ മറുപടിക്ക്**

## മൂവാറ്റുപുഴ നഗര വികസനം

| ചോദ്യം<br>ശ്രീ.എൽദോ എബ്രഹാം | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) എം.സി.റോഡിൽ മൂവാറ്റുപുഴ നഗരഭാഗത്തിന്റെ വികസനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ;<br><br>(ബി) പ്രസ്തുത നഗര വികസനം എപ്പോൾ പൂർത്തിയാക്കാൻ കഴിയും എന്ന് അറിയിക്കാമോ? | (എ) & (ബി) മൂവാറ്റുപുഴ ടൗൺ വികസനത്തിനായുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. ഇതുവരെ സ്ഥലമെടുപ്പ് നടപടികൾ നടത്തി വരുന്നത് കെ.എസ്.റ്റി.പി ഡിവിഷൻ. മൂവാറ്റുപുഴയും സ്പെഷ്യൽ തഹസിൽദാർ, എൽ.എ (എൻ.എച്ച് നമ്പർ 1), കാക്കനാട് ആഫീസിൽ നിന്നുമാണ്. 2015-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഡ്രാഫ്റ്റ് ഡിക്ലറേഷനിൽ ഉൾപ്പെട്ടവരുന്ന 82 കേസുകളുടെ സ്ഥലമെടുപ്പാണ് നടന്നു വരുന്നത്. 82 കേസുകളിൽ 78 കേസുകളിലെ സ്ഥലം കെ.എസ്.റ്റി.പി.ക്ക് കൈമാറിയിട്ടുള്ളതും ടി സ്ഥലങ്ങളിൽ ഉൾപ്പെട്ടു വരുന്ന കെട്ടിടങ്ങൾ/കെട്ടിടഭാഗങ്ങൾ പൊളിച്ചു നീക്കുന്ന പ്രവൃത്തി കരാറുകാരൻ മുഖാന്തിരം പുരോഗമിച്ചു വരുന്നു. മൂവാറ്റുപുഴ ടൗൺ വികസനം സ്ഥലമെടുപ്പ് കാലതാമസം കാരണം കെ.എസ്.റ്റി.പിയുടെ ഏറ്റുമാനൂർ-മൂവാറ്റുപുഴ അപ്ഗ്രഡേഷൻ പ്രോജക്റ്റിൽ നിന്ന് ഒഴിവാക്കിയിരുന്നു. റോഡ് വികസനത്തിനായി ബാക്കി ആവശ്യമുള്ള സ്ഥലങ്ങളുടെ റിക്വിസിഷൻ ലിസ്റ്റ് പൊതുമരാമത്ത് നിരത്തു വിഭാഗം തയ്യാറാക്കി വരുന്നു. ആയതിനുള്ള സർവ്വേ വർക്കുകളും പുരോഗമിക്കുകയാണ്. ടൗൺ വികസനത്തിന്റെ ബാക്കി സ്ഥലമെടുപ്പും റോഡ് നിർമ്മാണവും കിഫ്ബിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് നിരത്തു വിഭാഗമാണ് നടപ്പിലാക്കുന്നത്. നഗര വികസനത്തിനാവശ്യമായ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്ന് ലഭിക്കുന്ന |

മുറയ്ക്ക് മാത്രമേ പൊതുമരാമത്ത് നിരത്തു വിഭാഗത്തിന് അവശേഷിക്കുന്ന റിക്വിസിഷൻ സമർപ്പിക്കുവാനും സ്ഥലമേറ്റെടുപ്പുമായി മുന്നോട്ടു പോകുവാനും സാധിക്കുകയുള്ളൂ. സ്ഥലമേറ്റെടുപ്പ് കഴിഞ്ഞാൽ മാത്രമേ വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ